"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ പദ്ധതിക്കായി ഹഡ്കോയിൽ നിന്നും കെ.യു.ആർ.ഡി.എഫ്.സി മുഖാന്തിരം എടുത്ത വായ്പയുടെ 2024-25 സാമ്പത്തിക വർഷത്തെ ഒന്നാം ഗഡു ത്രൈമാസ പലിശ ഒടുക്കുന്നതിന് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി ഇ) വകുപ്പ്

സ.ഉ.(സാധാ) നം.899/2024/LSGD തീയതി,തിരുവനന്തപുരം, 23-05-2024

പരാമർശം:-
1. സ.ഉ.(സാധാ) നം. 420/2024/തസ്വഭവ. തീയതി 21.02.2024.
2. കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടറുടെ 25/04/2024-ലെ കെയുആർ.ഡി.എഫ്സി/എ2/289/2018//VII നമ്പർ കത്ത്
3. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 30.04.2024 ലെ എൽ എം./1266/ഫിൻ/22 നമ്പർ കത്ത്.

## ഉത്തരവ്

ലൈഫ് മിഷൻ പദ്ധതിക്കായി ഹഡ്കോയിൽ നിന്നും കെ.യു.ആർ.ഡി.എഫ്.സി മുഖാന്തിരം എടുത്ത വായ്പയുടെ പലിശ ഒടുക്കുന്നതിനായി 2024-25 സാമ്പത്തിക വർഷം റൂറൽ സെക്ടറിൽ 2515-00-102-30 (പി) ശീർഷകത്തിൽ 236.26 കോടി രൂപയും അർബൻ സെക്ടറിൽ 2217-80-800-62 (പി) ശീർഷകത്തിൽ 69.42 കോടി രൂപയും ബജറ്റ് വിഹിതമായി അനുവദിച്ചിരുന്നു. പ്രസ്തുത തുകയിൽ നിന്ന് 2024-25 വർഷത്തെ ഒന്നാം ഗഡു ത്രൈമാസ പലിശ ഒടുക്കുന്നതിനായി കെ.യു.ആർ.ഡി.എഫ്സി-യുടെ റൂറൽ സെക്ടർ അക്കൗണ്ടിലേക്ക് 61,02,05,333 രൂപയും അർബൻ സെക്ടർ അക്കൗണ്ടിൽ 17,00,50,647 രൂപയും ഉൾപ്പെടെ ആകെ 78,02,55,980 രൂപ ( എഴുപത്തി എട്ട് കോടി രണ്ട് ലക്ഷത്തി അമ്പത്തിഅയ്യായിരത്തി തൊള്ളായിരത്തി എൺപത് രൂപ മാത്രം ) ബന്ധപ്പെട്ട ബജറ്റ് ശീർഷകങ്ങളിൽ നിന്നും കെ.യു.ആർ.ഡി.എഫ്.സി-യുടെ അക്കൗണ്ടിലേക്ക് താഴെ പറയും പ്രകാരം ലഭ്യമാക്കുന്നതിനായി കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടർ പരാമർശം -2 പ്രകാരം സമർപ്പിച്ച പ്രൊപ്പോസൽ
പരാമർശം- 3 പ്രകാരം ലൈഫ് മിഷൻ ശുപാർശ ചെയ്ത് സർക്കാരിലേക്ക് ലഭ്യമാക്കുകയുണ്ടായി.

| | | |
|---|---|---|
| Name of Beneficiary | Kerala Urban and Rural Development Finance Corporation Ltd. | |
| Bank | State Bank of India | |
| Branch | Vazhuthacaud | |
| IFS Code | SBIN0070033 | |
| | Account No | Amount in Rs |

| | | |
|---|---|---|
| Details of Amount crediting for Rural Sectors | Account No | Amount in Rs |
| | 37920881126 – Rural Out | 40,45,44,797 |
| | 40847078873 – Rural Out New | 20,56,60,536 |
| Details of Amount crediting for Urban sector | 37922795767 – Urban Out | 16,15,09,476 |
| | 40981996254 -Urban Out New | 85,41,171 |
| | **Total** | **78,02,55,980** |

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ലൈഫ് മിഷൻ പദ്ധതിക്ക് വേണ്ടി കേരള അർബൻ ആൻഡ് റൂറൽ ഫിനാൻസ് ഡെവലപ്മെന്റ് കോർപറേഷൻ ലിമിറ്റഡ് (കെ യു ആർ ഡി എഫ് സി )മുഖാന്തിരം ഹഡ്കോ യിൽ നിന്നും എടുത്ത വായ്പയുടെ 2024-25 സാമ്പത്തിക വർഷത്തെ ഒന്നാം ഗഡു ത്രൈമാസ പലിശ തുക ഒടുക്കുന്നതിനായി റൂറൽ സെക്ടറിൽ 2515-00-102-30 (pv)- റൂറൽ എന്ന ശീർഷകത്തിൽ നിന്നും കെ.യു.ആർ.ഡി.എഫ്.സി- യുടെ റൂറൽ അക്കൗണ്ടിൽ (A/c no.37920881126 – Rural Out ) 40,45,44,797/- രൂപയും; റൂറൽ ന്യൂ അക്കൗണ്ടിൽ (A/c no.40847078873 – Rural Out New) 20,56,60,536/- രൂപയും ചേർത്ത് ആകെ 61,02,05,333/- രൂപയും (അറുപത്തി ഒന്നു കോടി രണ്ടു ലക്ഷത്തി അയ്യായിരത്തി മുന്നൂറ്റി മുപ്പത്തിമൂന്ന് രൂപ മാത്രം) , അർബൻ സെക്ടറിൽ 2217-80-800-62 (pv) അർബൻ ശീർഷകത്തിൽ നിന്നും കെ.യു.ആർ.ഡി.എഫ്.സി - യുടെ അർബൻ അക്കൗണ്ടിൽ (A/c no.37922795767 – Urban Out) 16,15,09,476/- രൂപയും അർബൻ ന്യൂ അക്കൗണ്ടിൽ (40981996254 -Urban Out New) 85,41,171 രൂപയും ചേർത്ത് ആകെ 17,00,50,647/- രൂപയും (പതിനേഴ് കോടി അൻപതിനായിരത്തി അറുന്നൂറ്റി നാൽപ്പത്തി ഏഴ് രൂപ മാത്രം) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

റീജണൽ ചീഫ്, ഹഡ്കോ, സാഫല്യം കോംപ്ലക്സ്, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ട്രഷറി ഡയറക്ടർ , തിരുവനന്തപുരം

ധനകാര്യ വകുപ്പ്( വനിത ശിശു വികസനം ) വകുപ്പ് (WCD-3/91/2024-FIN പ്രകാരം )

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Sheeba. S. C

Date: 23-05-2024 16:17:21

സെക്ഷൻ ഓഫീസർ